" ഭരണഭാഷ, മാതൃഭാഷ "

നമ്പർ റ്റി1/102172/2019/കോ:വി:വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി: 07/08/19

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്:- ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് -2019-20 സ്ഥാപനങ്ങൾക്കുള്ള 'Institute verification form' ഓൺലൈനായി സമർപ്പിക്കുന്നതിന്റെ കാലാവധി നീട്ടുന്നത് - സംബന്ധിച്ച്.

സൂചന:- 1). സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ 20/07/2019 ലെ റ്റി1/102172/2019 നമ്പർ കത്ത്.
2). കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നുള്ള 5.8.2019-ാം തീയതിയിലെ കത്ത് നം. F.No.9-33/2018-SS.

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കിയിട്ടുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിന്റെ 2019-20 കാലയളവിലേക്കുള്ള സ്കോളർഷിപ്പിന് വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നാഷണൽ സ്കോളർഷിപ്പിന്റെ വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കേണ്ട 'Institute verification form' 15/08/2019 -ാം തീയതിക്ക് മുൻപായി എല്ലാ സ്ഥാപനങ്ങളും സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മേധാവികൾ ഇക്കാര്യം ഗൗരവതരമായി കാണേണ്ടതാണ്. പിന്നീടുള്ള പരാതികൾ ഒന്നും തന്നെ സ്വീകരിക്കുന്നതല്ല എന്ന് അറിയിക്കുന്നു. 'Institute verification form' പൂരിപ്പിച്ചതിന് ശേഷം ആയതിന്റെ 2 അസ്സൽ പകർപ്പുകൾ സംസ്ഥാന നോഡൽ ഓഫീസറുടെ മേൽവിലാസത്തിൽ അയച്ചു നൽകേണ്ടതാണ്. വിലാസം ചുവടെ ചേർക്കുന്നു. സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം പിൻ : 695033.

വിശദവിവരങ്ങൾക്ക്

ഇ-മെയിൽ - postmatricscholarship@gmail.com

ഫോൺ നമ്പർ - 0471 2306580, 9446780308

ആസ്ഥാന കാര്യാലയം (സ്കോളർഷിപ്പ്) കോളേജ് വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം

രാംദാസ്.എസ്
സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

ഗീതു 7/8/19